## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2901. — 02.04.2013 ൽ മറുപടിക്ക്

### ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.കെ. വിജയൻ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഹോട്ടലുകൾ ഭക്ഷണസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അവശ്യ സാധനങ്ങളുടെ വിലവർദ്ധനവിന് ആനുപാതികമായി ഹോട്ടലിലെ ഭക്ഷണ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ വില നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (ബി) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് തടയുവാനായി ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിലവാര പട്ടിക പ്രദർശിപ്പിക്കേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്. 1977 ലെ കേരള ഫുഡ് സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം വിൽപ്പന നടത്തുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക വ്യക്തമായി കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്. ഇത് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ പരിശോധന നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. |

ഹോട്ടലുകളിലെ നിലവാരവും സൗകര്യവും അനുസരിച്ച് ഹോട്ടലുകളെ തരംതിരിച്ച് ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിനായും ഏകീകരിക്കുന്നതിനായും ഒരു നിയമ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (സി) | ഭക്ഷണശാലകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ